# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5776 02/07/2014 ൽ മറുപടിയ്ക്ക്

**അഡ്വക്കേറ്റ് ഗ്രാന്റ്**

| ചോദ്യം<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. സി.പി. മുഹമ്മദ് | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പട്ടികജാതിക്കാർക്ക് ജുഡീഷ്യറിയിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഡ്വക്കേറ്റ് ഗ്രാന്റ് നൽകുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) | നിയമ വിദ്യാഭ്യാസം കഴിഞ്ഞ് എൻറോൾ ചെയ്ത് അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്ന അഭിഭാഷക ധനസഹായ പദ്ധതി വകുപ്പിൽ നിലവിലുണ്ട്. വിവരം അറിയിക്കുന്നു. ടി പദ്ധതി പ്രകാരം 3 വർഷത്തേയ്ക്ക് ധനസഹായം അനുവദിച്ച് വരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | നിയമബിരുദം നേടിയവർക്ക് തൊഴിലിലൂടെ വരുമാനം കണ്ടെത്തുന്നതിന് ആവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. |
| (സി) | എന്തെല്ലാം ധനസഹായങ്ങളാണ് പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | അഭിഭാഷക ധനസഹായം പദ്ധതി പ്രകാരം 1-ാം വർഷം പുസ്തകം വാങ്ങുന്നതിന് 6,250/- രൂപയും, വസ്ത്രം വാങ്ങുന്നതിന് 2,000/- രൂപയും, 2, 3 വർഷങ്ങളിൽ പുസ്തകം വാങ്ങുന്നതിന് 6,250/- രൂപയും, വസ്ത്രം വാങ്ങുന്നതിന് 2,000/- രൂപയും, മുറി വാടക പ്രതിമാസം 250/- രൂപയും അനുവദിക്കുന്നുണ്ട്. |
| (ഡി) | പദ്ധതിയുടെ നടത്തിപ്പിനായി ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | പദ്ധതിയിൽ നിലവിലുള്ള ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. കാലതാമസമുള്ള അപേക്ഷകൾ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ